## 800

1 എത്ര നല്ല മിത്രമെനിക്കേശു-ഭാരമത്രയും വഹിപ്പതിന്നു
പ്രാപ്തൻ എന്നെയത്രയും സ്നേഹിച്ചു ശാപ
മൃത്യുവെൻ പേർക്കായ് സഹിച്ച മിത്രം-ആത്മമിത്രം!

2 എത്രയോ സന്തോഷം തൻതൃപ്പാദം-തത്ര അത്രയും തീരുന്നു
മത്സന്താപം-ഉള്ളിൽ എത്രയും കൗതുകം നൽകിടുന്ന
തൻ തിരുവചനം ഓർത്താൽ -അതിചിത്രം!

3 ഭക്തരുടെ യോഗമെനിക്കിമ്പം-അതു
ശക്തിയേറും ദൈവത്തിൻ കുടുംബം
അതിൽ കർത്തൃമേശയോടണയും നേര
മുള്ളിൽ നിന്നൊഴിഞ്ഞു പോകും-സർവ്വ തുമ്പം

4 സങ്കടത്താൽ ക്ഷീണിച്ചു ഞരങ്ങി-ടുമ്പോൾ
തൻകരങ്ങൾ മൂലമെന്നെ താങ്ങി
തന്റെ വൻ കൃപകളോരോന്നെന്നെ
കാണിക്കും നേരമുള്ളിൽ സന്തോഷം തിങ്ങിടുന്നു- E.I.J.